295

**Reg/AD**

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്

### ഹാജർ: വൈ. ശ്രീകുമാർ

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്- ജീവനക്കാര്യം - എൽ.ഡി.ക്ലാർക്ക് (എസ്.സി/എസ്.റ്റി സംവരണം) തസ്തികയിലേക്ക് 19000-43600 ശമ്പള സ്കെയിലിൽ നിയമനം നടത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

**ഉത്തരവ് നമ്പർ ഇ1-8117/2018/ഫാ&ബോ. തീയതി : 22/03/2019**

പരാമർശം: 1 കേരളാ പബ്ലിക് സർവീസ് കമ്മീഷൻ കോട്ടയം ജില്ല ഓഫീസറുടെ നം. K II (2) 110/14 നമ്പറിലുള്ള 13/03/2019 തീയതിയിലെ നിയമന ശുപാർശ
2 15/02/1991-ലെ (പി) 45/91/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്
3 G.O.(P).No. 20/2011 P.&ARD തീയതി 30/06/2011
4 7/1/2013-ലെ (പി) 20/2013 ധന നമ്പർ സർക്കാർ ഉത്തരവ്

### ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസറുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീ. അഖിൽ. കെ, മുള്ളിപ്പാറ ഹൗസ്, വെസ്റ്റ് ഒതേറ പി.ഒ., തിരുവല്ല, പത്തനംതിട്ട 689551 എന്നയാളെ 19000-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ (എസ്.സി/എസ്.റ്റി സംവരണം) ഫാക്ടറീസ് & ബോയിലേഴ്സിന്റെ ഡയറക്ടറേറ്റിൽ നിയമിച്ചിരിക്കുന്നു. ഈ നിയമനം താൽക്കാലികവും 1958-ലെ കേരള സബോഡിനേറ്റ് ചട്ടം 9(എ) പ്രകാരവും 1958-ലെ കേരള സ്റ്റേറ്റ് & സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 3 (സി) ക്ക് വിധേയമായിട്ടുള്ളതുമാണ്.

ശ്രീ. അഖിൽ. കെ, മുള്ളിപ്പാറ ഹൗസ്, വെസ്റ്റ് ഒതേറ പി.ഒ., തിരുവല്ല, പത്തനംതിട്ട 689551 ഈ നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഫാകടറീസ് & ബോയിലേഴ്സ് കുമാരപുരം, തിരുവനന്തപുരം മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ഇനിയൊരറിയിപ്പില്ലാതെ ഈ നിയമന ഉത്തരവ് അസാധുവാക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ, തിരിച്ചറിയൽ രേഖ, നോൺ ക്രിമിലേയർ സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നുള്ളത്), ആരോഗ്യക്ഷമത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (30/06/2011 ലെ സർക്കാർ ഉത്തരവ് (പി) നം.20/2011/പി&എ.ആർ.ഡി പ്രകാരമുള്ളത്) (ആരോഗ്യവകുപ്പിലെ ഒന്നാം ഗ്രേഡ് സിവിൽ സർജ്ജൻ/നാട്ടുചികിത്സ വകുപ്പ് ഡയറക്ടർ നൽകിയത്) എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ വിരലടയാളം പതിക്കേണ്ടതാണ്.

ഈ നിയമനം നടത്തിയത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ ഒരു പൊതു ലിസ്റ്റിൽ നിന്നായതിനാൽ വേക്കൻസിയുടെ അഭാവംമൂലം സർവ്വീസിൽ നിന്നും പിരിഞ്ഞ് പോകേണ്ടി വരികയാണെങ്കിൽ പിന്നീട് കോട്ടയം ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ ആഫീസറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്ത് പുനർനിയമനം തേടുകയോ അല്ലാത്ത പക്ഷം ഈ വകുപ്പിൽ ഒഴിവ് ഉണ്ടാകുന്നതുവരെ കാത്തിരിക്കുകയോ ചെയ്യേണ്ടതാണ്. ടി താൽക്കാലിക നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും പോലീസ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്. ഈ നിയമനം പരാമർശം രണ്ടിലെ ഉത്തരവ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

1/4/2013-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നിർബന്ധിതമാക്കിയ സാഹചര്യത്തിൽ ആയതിന്റെ പ്രൊഫോർമ (2 എണ്ണം) പോലീസ് വെരിഫിക്കേഷൻ പ്രൊഫോർമ, സ്പാർക്ക് ഫാറം എന്നിവ പൂർണ്ണമായും പൂരിപ്പിച്ച് ജോലിക്ക് ഹാജരാകുന്ന സമയത്ത് ആഫീസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ രണ്ട് ഗസറ്റഡ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് ജോലിക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. 31/3/2013 ന് മുൻപ് കേരള സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ പാർട്ട് III കെ.എസ്.ആർ പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് മൂന്നുമാസത്തിനകം ഓപ്ഷൻ നൽകേണ്ടതാണ്.

22/3/19

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീ. അഖിൽ. കെ,
മുള്ളിപ്പാറ ഹൗസ്,
വെസ്റ്റ് ഒതേറ പി.ഒ.,
തിരുവല്ല,
പത്തനംതിട്ട 689551

പകർപ്പ്

1. ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
   കോട്ടയം ജില്ലാ ഓഫീസ്, കോട്ടയം
   (ആമുഖ കത്തു സഹിതം)
2. എ.ഒ/എഫ്.ഒ/സി.എ.ടു ഡി എഫ്&ബി/കരുതൽ ഫയൽ

22/3/19